(സി) കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചത്തേങ്ങ ഉണക്കി കൊപ്ര ആക്കുമ്പോൾ ക്വിന്റലിന് എത്ര രൂപ ചെലവ് വരും ; പൊതു വിപണിയിൽ കൊപ്രയ്ക്ക് ക്വിന്റലിന് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കർഷകരുടെ താത്പര്യം സംരക്ഷിക്കുന്നതിനായി പ്രസ്തുത അധിക ബാദ്ധ്യത ഏറ്റെടുക്കുന്നതിന് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) കേരഫെഡ് കർഷകരിൽനിന്നും കിലോഗ്രാമിന് 25 രൂപ നിരക്കിലാണ് നിലവിൽ പച്ചത്തേങ്ങ സംഭരിക്കുന്നത്.

(ബി) നാളികേരത്തിന് വില കുറഞ്ഞപ്പോൾ ഇതുമൂലം ബുദ്ധിമുട്ട് നേരിടുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കോടി രൂപ കേരഫെഡിന് നൽകുവാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിക്കുകയും 10 കോടി രൂപയും കേരഫെഡിന് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കർഷകരിൽനിന്നും കേരഫെഡ് സംഭരിക്കുന്ന പച്ചത്തേങ്ങ ഉണക്കി കൊപ്ര ആക്കുമ്പോൾ ക്വിന്റലിന് 600 രൂപ ചെലവ് വരും. പൊതു വിപണിയിൽ ഇപ്പോൾ (30-11-2015) ക്വിന്റലിന് 7100 രൂപയാണ് കൊപ്രയുടെ വില.

(ഡി) പച്ചത്തേങ്ങ ഉണക്കി കൊപ്രയാക്കുന്ന പ്രക്രിയയ്ക്ക് കൈകാര്യ ചെലവിനത്തിൽ 500 രൂപയും ഇതിനായി നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും ഗതാഗത ചെലവും സർക്കാർ വഹിക്കുന്നതുണ്ട്.

വിത്തുതേങ്ങ സംഭരണം

210 (1683) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിത്തുതേങ്ങ സംഭരണ ഇനത്തിൽ കേര കർഷകർക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കുമോ ;

(ബി) കുടിശ്ശിക തുക യഥാസമയം വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) തുക വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിത്തുതേങ്ങ സംഭരണ ഇനത്തിൽ കേര കർഷകർക്ക് 1,34,50,725 (ഒരു കോടി മുപ്പത്തിനാല് ലക്ഷത്തി അൻപതിനായിരത്തി എഴുന്നൂറ്റി ഇരുപത്തി അഞ്ച് രൂപാ മാത്രം) നല്കാനുണ്ട്.

(ബി&സി) ഫണ്ട് വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുക റീ-അപ്രോപ്രിയേഷൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly